# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യൂണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in

## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്.73/2021 (വെള്ളിയാഴ്ച)** **തീയ്യതി: 17.09.2021**

**അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം**

| കാലാവസ്ഥാ ഘടകങ്ങൾ | 18.09.2021 | 19.09.2021 | 20.09.2021 | 21.09.2021 | 22.09.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 10 | 10 | 10 | 10 | 10 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 74 | 74 | 74 | 74 | 74 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 6 | 2 | 6 | 6 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 290 | 290 | 290 | 290 | 290 |
| മേഘവ്യാപ്തി (ഒക്ട) | 7 | 8 | 7 | 7 | 7 |

ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരും ദിവസങ്ങളിൽ നേരിയ മഴയ്ക്ക് സാധ്യത . കൂടിയ താപനില 32°C വരെയും കുറഞ്ഞ താപനില 24°C വരെയും പ്രതീക്ഷിക്കുന്നു.

**പൊതു നിർദ്ദേശങ്ങൾ**: കൃഷിയിടങ്ങളിൽ വെള്ളം കെട്ടി നിന്നാൽ ചുവടു അഴുകിപോകുകയും രോഗങ്ങൾ വരാൻ സാധ്യതയുള്ളതിനാലും നല്ല രീതിയിൽ നീർവാർച്ച സൗകര്യങ്ങൾ ഒരുക്കുക. മഴക്കാലത്തു വിളകൾക്കുണ്ടാകുന്ന കൊമ്പുണക്കം തടയുന്നതിനായി 1% വീര്യമുള്ള ബോർഡോ മിശ്രിതം മഴയുടെ ഇടവേളകളിൽ തളിച്ച് കൊടുക്കുക.

**കാർഷിക നിർദ്ദേശങ്ങൾ**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | ബാക്റ്റീരിയൽ ഓലകരിച്ചിൽ | ഞാറ്റടിയിൽ ബാക്റ്റീരിയൽ ഓലകരിച്ചിൽ രോഗം കാണാൻ സാധ്യതയുള്ളതിനാൽ മുൻകരുതലായി 20 ഗ്രാം പച്ചച്ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. ഞാറു പറിച്ചു നടുമ്പോൾ ഞാറുകൾ സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കിയ ലായനിയിൽ മുക്കി വച്ച ശേഷം നടുക. രോഗം അധികരിക്കുകയാണെങ്കിൽ 2 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ച് കൊടുക്കുക. ഞാറു പറിച്ചു നട്ടതിനു ശേഷം നെൽപ്പാടങ്ങളിൽ ബാക്റ്റീരിയൽ ഓലകരിച്ചിൽ രോഗം ശ്രദ്ധയിൽപ്പെട്ടാൽ ഒരു ഏക്കറിന് 2 കിലോഗ്രാം ബ്ലീച്ചിങ് പൗഡർ കിഴികെട്ടി പാടത്തെ വെള്ളക്കെട്ടിൽ ഇട്ടുകൊടുക്കുക. |
| | തണ്ടുതുരപ്പൻ | നെല്ലിലെ തണ്ടുതുരപ്പനെ നിയന്ത്രിക്കുന്നതിനായി ട്രൈക്കോഗ്രമ്മ ജാപോണിക്കത്തിന്റെ മുട്ടക്കാർഡുകൾ ഒരു ഏക്കറിന് 2cc എന്ന കണക്കിൽ ഞാറു പറിച്ചു നട്ടു ഒരാഴ്ചക്ക് ശേഷം സ്ഥാപിക്കുക. |

| | | |
|---|---|---|
| തെങ്ങ് | ചെന്നീരൊലിപ്പ് | തെങ്ങിൽ ഉണ്ടാകുന്ന ചെന്നീരൊലിപ്പ് രോഗം തടയുന്നതിനായി രോഗ ഭാഗങ്ങൾ വൃത്തിയാക്കി 5% വീര്യമുള്ള ഹെക്സാകൊണസോൾ ലായനി തേച്ചുകൊടുക്കുക. ഒപ്പം 2ml ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചുവട്ടിലും ഒഴിച്ച് കൊടുക്കുക. |
| പയർ | മുഞ്ഞ | പയറിലെ മുഞ്ഞയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിൽ ഒരിക്കൽ 2 % വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി എന്ന മിത്ര കുമിൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |